Coverage Report: TCS IT Wiz – pre and Post-event Kochi

**Publication**: Mathrubhumi
**Edition**: Kochi
**Date**: 15.10.2014
**Page**: 13
**Headline**: TCS Quiz: Loyola School Thiruvananthapuram wins



ടി.സി.എസ്. ഐ.ടി. വിസ് ക്വിസ് മത്സരത്തിൽ വിജയികളായ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര, വിഘ്നേഷ് കൃഷ്ണൻ എന്നിവർ ഐ.ടി. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യനിൽ നിന്ന് ട്രോഫി സ്വീകരിക്കുന്നു. ടി.സി.എസ്. വൈസ് പ്രസിഡൻറ് സുധീർ വാര്യർ സമീപം.

# ടി.സി.എസ്. ഐ.ടി. വിസ് ക്വിസ്: തിരുവനന്തപുരം ലയോള ജേതാക്കൾ

**കൊച്ചി**: ടാറ്റ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടി.സി.എസ്. ഐ.ടി. വിസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിലെ അദിത് ചന്ദ്ര, വിഘ്നേഷ് കൃഷ്ണൻ സഖ്യം വിജയികളായി. പൈങ്ങോട്ടൂർ സെൻറ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിലെ ബ്രിട്ടോ സാബു-കെവിൻ ജോർജ് സഖ്യത്തിനാണ് രണ്ടാംസ്ഥാനം. ദേശീയതല മത്സരത്തിൽ തിരുവനന്തപുരം ലയോള കേരളത്തെ പ്രതിനിധീകരിക്കും.

ഒന്നാം സ്ഥാനക്കാർക്ക് ഐപാഡ് എയറും രണ്ടാം സ്ഥാനക്കാർക്ക് ഐപാഡ് മിനിയും സമ്മാനമായി ലഭിച്ചു. ട്രോഫികളും മെഡലുകളും നൽകി. വിജയികൾക്ക് ഐ.ടി. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യനും ടി.സി.എസ്. വൈസ് പ്രസിഡൻറ് സുധീർ വാര്യരും ചേർന്ന് സമ്മാനങ്ങൾ വിതരണം ചെയ്തു.

ഫൈനലിലെത്തിയ ആറ് ടീമുകൾക്ക് സ്പേയ്സ് പാസ്സ്, സിപ്പേഴ്സ്, ഇയർഫോൺ, യു.എസ്.ബി. പെൻ ഡ്രൈവ്, സ്റ്റിക്കേഴ്സ് തുടങ്ങിയ സമ്മാനങ്ങൾ നൽകി.

**Publication**: Mathrubhumi
**Edition**: Kochi
**Date**: 01.10.2014
**Page**: 12
**Headline**: TCS IT Wiz Quiz contest

# ടി.സി.എസ്. ഐ.ടി. വിസ് ക്വിസ് മത്സരം

**കൊച്ചി:** ടാറ്റ കൺസൾട്ടൻസി സർവീസസ് (ടി.സി.എസ്.) സംഘടിപ്പിക്കുന്ന ടി.സി.എസ്. ഐ.ടി.വിസ് ക്വിസ് മത്സരം 14ന് കലൂർ ഗോകുലം പാർക്ക് ഹോട്ടൽ ആൻഡ് കൺവെൻഷൻ സെൻററിൽ നടക്കും. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ, (പ്രീ യൂണിവേഴ്സിറ്റി വിദ്യാർഥികൾ ഉൾപ്പെടെ) പഠിക്കുന്നവർക്ക് പങ്കെടുക്കാം. എൻട്രി ഫീ ഇല്ല.

രണ്ട് അംഗങ്ങൾ അടങ്ങിയതാണ് ഒരു ടീം. ഒരു സ്ഥാപനത്തിൽ നിന്ന് പത്ത് ടീമുകൾക്കുവരെ പങ്കെടുക്കാം. ഒക്ടോബർ പതിനൊന്നിനു മുമ്പായി കെ.എസ്. ധന്യ, ഐ.ടി.വിസ് കോ-ഓർഡിനേറ്റർ, ഹ്യൂമൻ റിസോഴ്സ്, ടാറ്റ കൺസൾട്ടൻസി സർവീസസ്, തോജോമയ, എൽ ആൻഡ്ടി ടെക് പാർക്ക് ലിമിറ്റഡ്, ഇൻഫോപാർക്ക്, കുസുമഗിരി പോസ്റ്റ്, കാക്കനാട്, കൊച്ചി എന്ന വിലാസത്തിൽ പേരു നൽകണം.

ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് www.tcsitwiz.com ട്വിറ്റർ:@TCSITWiz കൂടുതൽ വിവരങ്ങൾ 09847895551 എന്ന മൊബൈൽ നമ്പരിൽ നിന്ന് ലഭിക്കും.